# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ ടി എസ് ആർ (പി 3)-1239/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/10/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
കാര്യാലയ പകർപ്പ്

നമ്പർ: കെ എസ് എ ടി എസ് ആർ (പി 3)-1239/2023 തീയ്യതി: 03/10/2023

## തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-03-2023 മുതൽ 04-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുധ ദാസ് | ജോയിന്റ് ഡയറക്ടർ | 05-07-2023 | 11-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-07-2023 | 11-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

മീര ടി , ഓഡിറ്റ് ഓഫീസർ
സുധ ഇ എൻ , അസി.ഓഡിറ്റ് ഓഫീസർ
സ്റ്റാൻലി പി എസ് , അസി.ഓഡിറ്റ് ഓഫീസർ
സ്വാലിഹ് സി പി , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ആൻസി വില്ല്യംസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. വിനീത് കെ.എം | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനി മേനോൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| വിനോദ് ഇ.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(എൽ.എസ്.ജി.ഡി) | 01-04-2022 | 31-03-2023 |
| അശ്വിൻ പി വിജയൻ | അസിസ്റ്റന്റ് എഞ്ചിനീയർ(എൽ.എസ്.ജി.ഡി) | 01-04-2022 | 31-03-2023 |
| ഡോ. വാസുദേവൻ | മെഡിക്കൽ ഓഫീസർ (സി .എച്ച്.സി ) | 01-04-2022 | 08-06-2022 |
| ഡോ.ബാബു വി | മെഡിക്കൽ ഓഫീസർ (സി .എച്ച്.സി ) | 09-06-2022 | 31-03-2023 |
| രജനി.എ | പട്ടികജാതിവികസന ഓഫീസർ ഗ്രേഡ്-1 | 01-04-2022 | 31-01-2023 |
| ടി കെ അനിതകുമാരി | പട്ടികജാതിവികസന ഓഫീസർ ഗ്രേഡ്-1 | 01-02-2023 | 31-03-2023 |
| ആശ മാത്യൂ | സി.ഡി.പി.ഒ | 01-04-2022 | 19-12-2022 |
| അർച്ചന എ ആർ | സി.ഡി.പി.ഒ | 20-12-2022 | 31-03-2023 |
| ഷിബില.ജെ | സി.ഡി.പി.ഒ(അഡീഷണൽ) | 01-04-2022 | 11-08-2022 |
| ജയ കെ പി | സി.ഡി.പി.ഒ(അഡീഷണൽ) | 12-08-2022 | 15-12-2022 |
| സ്റ്റെല്ല വി ഡി | സി.ഡി.പി.ഒ(അഡീഷണൽ) | 16-12-2022 | 31-03-2023 |
| ജാസ്മിൻ സി.ജെ | ഡി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീജിത്ത് സി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 06-02-2023 |
| രജിത്കുമാർ | വ്യവസായ വികസന ഓഫീസർ | 07-02-2023 | 31-03-2023 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ഡെപ്പോസിറ്റ് രജിസ്റ്റർ വാ**ർ**ഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-1-4 |
| 6 | ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-5 |
| 7 | അക്യുമലേറ്റഡ് ഡിപ്രിയിസേഷ**ൻ** തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു. | 1-1-6 |
| 8 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-9 |
| 11 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | ബജറ്റ്/റിവൈസ്ഡ് ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ക്യാഷ് പരിശോധന | 1-6 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 18 | വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-8 |
| 19 | പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതികൾ- കേന്ദ്രാവിഷ്കൃത ഫണ്ട് ,ഗ്രാമപഞ്ചായത്ത് ഫണ്ട് എന്നിവയിലെ ചെലവ് സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-9 |
| 20 | സി.ഡി.പി.ഒ. ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങൽ- നാളിതു വരെ സ്കാനർ ലഭിച്ചിട്ടില്ല. | 1-10 |
| 21 | എ.ഡി.എ ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങൽ- നാളിതു വരെ കംപ്യൂട്ടറും,പ്രിന്ററും ലഭിച്ചിട്ടില്ല. | 1-11 |
| 22 | കമ്മിറ്റി തീരുമാനം- തുടർ നടപടി വിവരംഅറിയിക്കേണ്ടതാണ്. | 1-12 |
| 23 | എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി-പദ്ധതി നിർവഹണത്തിലെ അപാകതകൾ | 1-13 |
| 24 | എസ്.സി.കുടി വെള്ള പദ്ധതികൾ-പൂർത്തീകരിച്ചിട്ടില്ല | 1-14 |

| | | |
|---|---|---|
| 25 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ പരിശോധനക്കായി ലഭ്യമാകേണ്ടതാണ്. | 1-15 |
| 26 | കെ എം എസ് സി എൽ ന് തുക കൈമാറിയത് - മരുന്ന് മുഴുവനായി ലഭ്യമായിട്ടില്ല. | 1-16 |
| 27 | ഒരേ ഇൻവോയ്സിന് 2 തവണ ബിൽ അടവാക്കി. | 1-17 |
| 28 | തെറ്റായി നൽകിയ തുക തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. | 1-18 |
| 29 | സി എച്ച് സി പഴഞ്ഞി സോളാർവത്കരണം - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-19 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചൊവ്വന്നൂർ ബ്ളോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 25.05.2023 ലെ 6/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 29.05.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചൊവ്വന്നൂർ ബ്ളോക്ക് പഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചൊവ്വന്നൂർ ബ്ളോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:

തീയതി:

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ് :

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7281877 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7228969 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച

സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-3 ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.**

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരവും വാർഷിക കണക്ക് RP 34 പ്രകാരവും 340100301 – Contractors' Retention ഇനത്തിലെ 2022-23 വർഷത്തെ വരവ് ചെലവ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| വരവ് | 647146 | 604083 |
| ചെലവ് | 91903 | 117335 |

**1-1-4 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള 320800101 – Beneficiary Contributions എന്ന ശീർഷകത്തിലെ ഗുണഭോക്തൃവിഹിതം തനതു ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്.എന്നാൽ ആയതിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

**1-1-5 ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-1-6 അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു.**

31/3/2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101 – Other Fixed Assets എന്ന ആസ്തികൾക്ക് 797,609 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ Accumalated Depreciation 1,075,509 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

**1-1-7 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി രേഖപ്പെടുത്തിയിട്ടില്ല.**

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം 3 ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല.

| ക്ര. നം. | ആസ്തി -ശീർഷകം | 31/3/2023 ലെ മൂല്യം |
|---|---|---|
| 1 | 410710199-movable Asset Others | 769,594 |
| 2 | 410600102-Electricity - Line Extension | 512,496 |
| 3 | 410710102 – Movable Assets - Vehicles | 799,111 |
| 4 | 410710101 – Movable Assets - Plant Machinery & Tools | 1,452,778 |

മേല്പറഞ്ഞ 4 ശീർഷകത്തിൽ ആസ്തി ആർജിച്ചിട്ടില്ലാത്തതിനിലാണ് ഡിപ്രിസിയേഷൻ കണക്കാതിരുന്നതെന്നും പിഴവ് ആവർത്തിക്കില്ലായെന്നും 2023-24 ലെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ട എല്ലാ ആസ്തികൾക്കും ഡിപ്രിയിസേഷൻ കണക്കാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2023-24 ലെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ട എല്ലാ ആസ്തികൾക്കും ഡിപ്രിയിസേഷൻ കണക്കാക്കേണ്ടതാണ്.

**1-1-8 ബ്ലോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി**

ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് റോഡ് ആസ്തികൾ ഇല്ല.എന്നാൽ 2022-23 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂൾ പ്രകാരം താഴെ ചേർത്തിരിക്കുന്ന പ്രകാരം ആസ്തികൾ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ | ശീർഷകം | തുക |
|---|---|---|

| നമ്പർ | | |
|---|---|---|
| 1 | 410300101 – Roads-Cement Concrete | 1500000 |
| 2 | 410300102 – Roads-Tarred | 6464715 |
| 3 | 410300103 – Roads-Metal | 665812 |
| 4 | 410300105 – Roads-Earthern | 436648 |
| 5 | 410300301 – Culverts | 953715 |
| 6 | 410300302 – Bridges | 348431 |

സ്ഥാപനത്തിന്റെ ബാലൻസ്ഷീറ്റിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന റോഡുകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളവയാണ്. ആയതിനാൽ ഇവ രേഖാമൂലം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ മുറക്ക് ബ്ലോക്ക്പഞ്ചായത്തിന്റെ റവന്യൂചെലവായി രേഖപ്പെടുത്തണമായിരുന്നു. ആസ്തിയായി രേഖപ്പെടുത്തേണ്ടതില്ലാത്തതാകുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി അല്ലാത്തതിനാൽ ഇവക്ക് തേയ്മാനചെലവ് കണക്കാക്കി, ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവായി Depreication രേഖപ്പെടുത്തേണ്ടതില്ലാത്തതുമാകുന്നു.

I)ബാലൻസ്ഷീറ്റിൽ പരാമർശിച്ചിരിക്കുന്ന റോഡുകളുടെ ഉടമസ്ഥാവകാശം പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥാവകാശത്തിൽ വരാത്ത എല്ലാ റോഡുകളുടെയും മൂല്യം 2023-24 സാമ്പത്തികവർഷത്തിൽ മേൽ പരാമർശിച്ച ശീർഷകങ്ങളിലേക്ക് Credit ചെയ്ത് ഒഴിവാക്കേണ്ടതാണ്. ഗ്രാന്റ് ഉപയോഗിച്ച് പൂർത്തീകരിച്ചിരിക്കുന്ന മേൽ റോഡുകളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്കും തനത് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചിരുക്കുന്ന റോഡുകളുടെ മൂല്യം "Prior Period Items...." എന്ന ശീർഷകത്തിലേക്കും ഓപ്പണിംഗ് ബാലൻസ്ഷീറ്റ് തയ്യാറാക്കിയ സമയത്ത് ഉൾക്കൊള്ളിച്ച റോഡുകളുടെ മൂല്യം "Panchayat Fund" എന്ന ശീർഷകത്തിലേക്കും Debit ചെയ്യേണ്ടതാണ്. മേൽ പ്രകാരം അപാകത പരിഹരിക്കേണ്ടതാണ്.

Ii) 31/3/2023 വരെ ഈയിനത്തിൽ റോഡുകളുടെ മൂല്യത്തിന്റെ ഡിപ്രിയിസേഷനായി കണക്കാക്കിയതും "Accumalated Depreciation" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്നതുമായ തുക 2023-24 വർഷത്തിൽ ഈ ശീർഷകത്തിൽ Debit ഉം "Prior Period Items.." എന്ന ശീർഷകത്തിൽ Credit ഉം നൽകി ഒഴിവാക്കി വാർഷികകണക്ക് കൃത്യമാക്കേണ്ടതാണ്.

### 1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-10 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓഫീസ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക മുൻകൂർ അനുവദിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയും ജീവനക്കാരും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്നതിനാലാണ് സർക്കാർ ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്നും മുൻകൂർ നല്കുന്നത്. എന്നാൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ റസീറ്റ് & പേയ്മെന്റ് പത്രികയിലും, റവന്യു വരുമാനം, ചെലവ് വിവരങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിലും, നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റിലും).

### 1-2 ബജറ്റ്/റിവൈസ്ഡ് ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 25.3.2022 തീരുമാനം 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 363059000/- | 405230706/- |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 23.3.2023 തീരുമാനം1 (2) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 442800463/- | 416394223/- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10500918 |

| | |
|---|---|
| വരവ് | 83349815 |
| ആകെ | 93850733 |
| ചെലവ് | 76067938 |
| നീക്കിയിരിപ്പ് | 17782795 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 27685000 | 23794824 | 3890176 |
| വികസനഫണ്ട്-എസ് സി പി | 20934000 | 16605776 | 4328224 |
| മെയിന്റനൻസ്-റോഡിതരം | 8022000 | 4810513 | 3211487 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ബേസിക് ഗ്രാന്റ് | 4470475 | 438090 | 4032385 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് | 8312167 | 3392373 | 4919794 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണത്തിൻറെ ശതമാനം |
|---|---|---|---|---|---|
| 117 | 135466846 | 90 | 74938324 | 55.32% | 76.9% |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.7.2023 തീയതിയിൽ 1:15 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരുപ്പില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-8 വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്റ്റിന്റെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്റ്റ് നമ്പർ | നിർവ്വഹണ ഏജൻസി | വൗച്ചർ നം | തുക (₹) |
|---|---|---|---|
| 77/23 ഐ.കെ.എം. വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | ഇൻഫർമേഷൻ കേരള മിഷൻ | 22200361/23.08.22 | 53,364 |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.6/10-7-23)

## 1-9 പി.എം.എ.വൈ. ലൈഫ് ഭവന പദ്ധതികൾ- കേന്ദ്രാവിഷ്കൃത ഫണ്ട് ,ഗ്രാമപഞ്ചായത്ത് ഫണ്ട് എന്നിവയിലെ ചെലവ് സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

2022-23 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ ലൈഫ് ഭവനനിർമ്മാണം-ബ്ലോക്ക് വിഹിതം നൽകൽ പൊതുവിഭാഗം (പ്രൊ.നം. 53/23), പി.എം.എ.വൈ. ലൈഫ് ഭവനനിർമ്മാണം-ബ്ലോക്ക് വിഹിതം നൽകൽപട്ടികജാതി വിഭാഗം (പ്രൊ.നം. 54/23), എന്നീ പ്രൊജക്റ്റുകളിൽ കേന്ദ്രാവിഷ്കൃത ഫണ്ടിനത്തിൽ യഥാക്രമം ₹7,92,000/-, ₹14,16,000/-എന്നിങ്ങനെയും ഗ്രാമപഞ്ചായത്ത് ഫണ്ടിനത്തിൽ യഥാക്രമം ₹5,60,000/-, ₹11,90,000/-എന്നിങ്ങനെയും തുക വകയിരുത്തിയിട്ടുണ്ട്. ലൈഫ് ധനസഹായ വിതരണ രജിസ്റ്റർ, ഫയൽ എന്നിവ

പരിശോധിച്ചതിൻ പ്രകാരം കേന്ദ്രാ വിഷ്കൃത ഫണ്ടിനത്തിൽ യഥാക്രമം ₹7,20,000/-, ₹13,20,000/- എന്നിങ്ങനെയും ഗ്രാമപഞ്ചായത്ത് ഫണ്ടിനത്തിൽ യഥാക്രമം ₹5,60,000/- , ₹10,50,000/-എന്നിങ്ങനെയും തുകകൾ വിവിധ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി ചെലവ് സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല .

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ്എൻക്വയറി നം.7/10-7-23)

## 1-10 സി.ഡി.പി.ഒ. ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങൽ- നാളിതു വരെ സ്കാനർ ലഭിച്ചിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർ |
|---|---|
| പ്രൊജക്ട് നംമ്പർ/പേര് | പ്രൊജക്ട് നം.94/23- സി.ഡി.പി.ഒ. ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങൽ |
| അടങ്കൽ | 2,00,000/- വികസനഫണ്ട്- റോഡിതരം |
| ചെലവ് | 1,98,366/- വികസനഫണ്ട്- റോഡിതരം |
| വൗച്ചർ നം./തിയതി/തുക | 22201072/27.02.23. ₹44,952/- |
| ഓഡിറ്റ് അന്വേഷണം/തിയതി | 1/05.07.2023 |

ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിൽ സി.പി.ആർ.സി.എസ് മുഖാന്തിരം കേരള സ്റ്റേറ്റ് ഐ.ടി.മിഷനിൽ നിന്നും സ്കാനർ ഒന്നിന് 22,476/-രൂപ നിരക്കിൽ 2 സ്കാനർ വാങ്ങുന്നതിനായി (പ്രൊഫോർമ ഇൻവോയ്സ് നം. 46395/22.02.23) ₹44,952/- കൈമാറിയിട്ടുണ്ട് (വൗച്ചർ നം. 22201072/27.02.23 വികസനഫണ്ട്-റോഡിതരം). എന്നാൽ നാളിതുവരെ സ്കാനർ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സ്കാനർ ലഭ്യമാക്കുവാൻ കെൽട്രോണിനോട് പലതവണ ആവശ്യപ്പെട്ടെന്നും ആയത് എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്കാനർ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 എ.ഡി.എ ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങൽ- നാളിതു വരെ കംപ്യൂട്ടറും,പ്രിന്ററും ലഭിച്ചിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
|---|---|
| പ്രൊജക്ട് നംമ്പർ/പേര് | പ്രൊജക്ട് നം. 131/23- എ.ഡി.എ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങൽ |
| അടങ്കൽ | 2,00,000/- വികസനഫണ്ട്-റോഡിതരം |
| ചെലവ് | 2,00,000/- വികസനഫണ്ട്-റോഡിതരം |
| വൗച്ചർ നം./തിയതി/തുക | 22201126/25.03.23 . ₹95,296/- |
| ഓഡിറ്റ് അന്വേഷണം/തിയതി | 2/05.07.2023 |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിൽ സി.പി.ആർ.സി.എസ് മുഖാന്തിരം കേരള സ്റ്റേറ്റ് ഐ.ടി.മിഷനിൽ നിന്നും കമ്പ്യൂട്ടറും, പ്രിന്ററും വാങ്ങുന്നതിനായി (പ്രൊഫോർമ ഇൻവോയ്സ് നം. 47668/20.03.23) ₹95,296/- കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ കമ്പ്യൂട്ടറും, പ്രിന്ററും ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി 45 ദിവസത്തിനകം കമ്പ്യൂട്ടറും, പ്രിന്ററും കെൽട്രോൺ വിതരണം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അവ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 കമ്മിറ്റി തീരുമാനം- തുടർ നടപടി വിവരംഅറിയിക്കേണ്ടതാണ്.

ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 6-3-23 ലെ യോഗത്തിൽ(അജണ്ട-5, തീരുമാനം 16)ചുവടെ ചേർക്കുന്ന പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. "ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയായ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിലെ ഘടക സ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പാക്കുന്നതിലേക്കായി അനർട്ട് 10,52700 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ബ്ലോക്ക് പഞ്ചായത്ത്

കമ്മറ്റിയുടെ 07/02/2022 തിയതിയിലെ 2(3) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും തുടർന്ന് 2022- മാർച്ച് മാസം 19 തിയതി അനർട്ടുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 22/03/2022 തിയതിയിലെ ഉത്തരവ് നമ്പർ എ.228/22 പ്രകാരം 7,71000 രൂപ അനുവദിക്കുയും ചെയ്തു. കരാർ കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ 04/01/2023 തിയതിയിൽ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് അനർട്ടിന്കത്ത്നൽകിയിരുന്നുവെങ്കിലും യാതൊരു മറുപടിയോ വിശദീകരണമോ ലഭ്യമാക്കാത്തതിന്റെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ബാക്കി തുക നൽകേണ്ടതില്ലെന്നും അടിയന്തിരമായി പണി പൂർത്തീകരിക്കുന്നതിനു അനർട്ടിനു കത്ത് നൽകുന്നതിനും അല്ലാത്ത പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തുവാനും യോഗം ഐകകണ്ഠ്യേന അംഗീകരിച്ച് തീരുമാനിച്ചു."

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (4/7-7-23)അനർട്ട് സോളാർ ഇൻസ്റ്റലേഷൻ പ്രവൃത്തി പൂർത്തീകരിച്ച്,കെ.എസ്.ഇ,ബി.ഡിവിഷനു കീഴിൽ പദ്ധതി രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും,എന്നാൽകെ.എസ്.ഇ.ബി നാളിതു വരെ ഇൻസ്പെക്ഷൻ നടത്തിയിട്ടില്ല എന്നും അറിയിച്ചു.കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട്,അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി-പദ്ധതി നിർവഹണത്തിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥ- പട്ടിക ജാതി വികസന ഓഫീസർ

ഫണ്ട്-വികസന ഫണ്ട് (എസ് സി പി)

അടങ്കൽ -1600000

ചെലവ്- 1275000

സ.ഉ.(കൈ) നം.115/2022/LSGD/തീയതി28-5-2022 ഖണ്ഡിക 7-2-13 ൽ എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. പട്ടിക ജാതി വികസന ഓഫീസർ നിർവഹണം നടത്തിയ എസ്. സി വിദ്യാർത്ഥികൾക്ക് പഠന മുറി എന്നപ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.അർച്ചന D/Oറോഷൻകുമാർ എന്ന വിദ്യാർത്ഥി 50000 രൂപഅഡ്വാൻസ് കൈപ്പറ്റിയെങ്കിലും (22200454/29-9-22 ) പഠന മുറി നിർമ്മാണം പൂർത്തീകരിച്ച രേഖകൾ, പഞ്ചായത്തിൽ നിന്നുള്ള ബിൽഡിങ്ങ് പെർമിറ്റ് എന്നിവ ഫയലിൽ ഇല്ല .

2. ദേവീകൃഷ്ണ D/O സജിത ശോഭിൻ ബാബു പഠന മുറി നിർമ്മാണം പൂർത്തീകരിച്ച രേഖകൾ ഫയലിൽ ഇല്ല.രണ്ട് ഗഡുക്കളായി 1,25000 രൂപ നൽകിയിട്ടുണ്ട് (1.22200453/29-9-22-50000, 2.22200860/23-12-22 75000)കടങ്ങോട് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം, 60000 രൂപയുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. പഞ്ചായത്തിൽ നിന്നുള്ള Posession, Ownership സർട്ടിഫിക്കറ്റുകൾ, ബിൽഡിങ്ങ് പെർമിറ്റ് എന്നിവ ഫയലിൽ ഇല്ല.

3.അർഷ, ഉണ്ണികൃഷ്ണൻ,D/O ഉണ്ണികൃഷ്ണൻ, പഠന മുറി നിർമ്മാണം പൂർത്തീകരിച്ച രേഖകൾ ഫയലിൽ ഇല്ല.രണ്ട് ഗഡുക്കളായി 1,25000 രൂപ നൽകിയിട്ടുണ്ട് (1.22200453/29-9-22-50000, 2.22201114/29-3-23 75000)

4. ശ്രേയ പ്രകാശ്D/O നിവ്യ, 50000 രൂപഅഡ്വാൻസ് കൈപ്പറ്റിയെങ്കിലും (22201121/29-3-23) പഠന മുറി നിർമ്മാണം പൂർത്തീകരിച്ച രേഖകൾ ഫയലിൽ ഇല്ല. പഞ്ചായത്തിൽ നിന്നുള്ള ബിൽഡിങ്ങ് പെർമിറ്റ്,സൈറ്റ് പ്ളാൻ എന്നിവയും ഇല്ല.
ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട്നൽകിയഓഡിറ്റ്എൻക്വയറിക്ക്(3/6-7-23)

മറുപടിയായി ക്രമനം 1അർച്ചന D/Oറോഷൻകുമാർ എന്ന വിദ്യാർത്ഥിക്ക് ഭൂമിക്ക് പട്ടയം ഇല്ലാത്തതിനാൽ,പഞ്ചായത്തിൽ നിന്നുള്ള ബിൽഡിങ്ങ് പെർമിറ്റ് അനുവദിക്കാത്ത സാഹചര്യത്തിൽ അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും,അറിയിച്ചിട്ടുണ്ട്.ക്രമ നം2,3,4എന്നീ ഗുണ ഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നതു വരെ350000(50000+125000+125000+50000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 എസ്.സി.കുടി വെള്ള പദ്ധതികൾ-പൂർത്തീകരിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ താഴെ ചേർക്കുന്ന എസ്.സി.കുടി വെള്ള പദ്ധതികൾ 21-22 വർഷത്തിൽ ആരംഭിച്ചുവെങ്കിലും നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | ഫണ്ട്, അടങ്കൽ | ഭരണാനുമതി | സാങ്കേതി കാനുമതി | സാങ്കേതി കാനുമതി പ്രകാരം | മുൻ വർഷ ചെലവ് | തൻ വർഷ ചെലവ് 22-23 |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | പൂർത്തീ കരണ കാലാവധി | 21-22 | (വൗച്ചർ നം, തുക) |
| 1 | 43/23(SO) ചീരംകുഴി IHSDP കുടിവെള്ള പദ്ധതി- കാട്ടകാമ്പൽ ഗ്രാമ പഞ്ചായത്ത് | വികസന ഫണ്ട് -എസ്.സി.പി 500000 | 2/1/18-8-21 | 31620/21-22 /22-9-21 | 25 /AE /CHNR/ 21-22/30-11-21 -(TSപ്രകാരം 8 മാസം | 72334 | 1,28,728 (22201147/ 27-3-23) |
| 2. | 44/23(SO) ഒറ്റപ്പിലാവ് സാംബവ എസ്.സി. കോളനി കുടിവെള്ള പദ്ധതി കടവല്ലൂർ ഗ്രാമ പഞ്ചായത്ത് | വികസന ഫണ്ട് -എസ്.സി.പി 500000 | 2/(1)/18-8-21 | 29827/21-22 /17-9-21 | 28 /AE /CHNR/ 21-22/ 30-11-21 -(TSപ്രകാരം 8 മാസം | ഇല്ല | 118013 (22200523/ 19-10-22) |
| 3. | 35/23(SO) മണലി താഴത്തു പുരക്കൽ കുടിവെള്ള പദ്ധതി ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് | വികസന ഫണ്ട് -എസ്.സി.പി 8750000 | 2/(1)/18-8-21 | 31598/21-22 /22-9-21 | 32 /AE /CHNR/ 21-22/ 10-12-21- (TSപ്രകാരം 6 മാസം | 1,62,278 | 73765 (22201135/ 29-3-23 |

കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണവിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/10-7-23) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## 1-15 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ പരിശോധനക്കായി ലഭ്യമാകേണ്ടതാണ്.

